## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1495** **11/06/2019 ൽ മറുപടിക്ക്**

**തോട്ടണ്ടി ഇറക്കുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുവാൻ രൂപം നൽകിയ കാഷ്യുബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാഷ്യു ബോർഡ് പ്രവർത്തനം ആരംഭിച്ചശേഷം എത്ര മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തുവെന്നും ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണെന്നും വ്യക്തമാക്കുമോ; | (ബി) | കാഷ്യൂ ബോർഡ് ഇതിനകം 12473 ടൺ തോട്ടണ്ടി ഗിനി-ബിസ്സാവു, മൊസാംബിക്ക്, ഘാന എന്നീ രാജ്യങ്ങളിൽ നിന്നായി ഇറക്കുമതി ചെയ്തിട്ടുണ്ട്. ഘാനയിൽ നിന്ന് 5000 ടൺ തോട്ടണ്ടി കൂടി ഇറക്കുമതി ചെയ്യുന്നതിനുള്ള ഓർഡർ നൽകിയിട്ടുണ്ട്. ഇത് ജൂൺ മാസാവസാനത്തിനു മുൻപ് എത്തിച്ചേരും. |
| (സി) | 2018 സെപ്റ്റംബറിൽ നടത്തിയ ഇടപാട് വഴി എത്ര മെട്രിക് ടൺ തോട്ടണ്ടി വാങ്ങിയെന്നും എന്ത് വിലയ്ക്കെന്നും പ്രസ്തുത തോട്ടണ്ടി വിറ്റ വകയിൽ കാഷ്യു ബോർഡിന് എന്ത് ലാഭം ലഭിച്ചുവെന്നും വിശദീകരിക്കാമോ; | (സി) | 2018 സെപ്റ്റംബറിലെ ഓർഡർ പ്രകാരം ഗിനി-ബിസ്സാവുവിൽ നിന്ന് 2880 ടൺ തോട്ടണ്ടി ടണ്ണിന് 1815 ഡോളർ എന്ന നിരക്കിൽ ഇറക്കുമതി ചെയ്തു. പ്രസ്തുത തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനു സപ്ലൈ ചെയ്ത വകയിൽ 25.86 ലക്ഷം രൂപ ലഭ്യമായി. |
| (ഡി) | 2019 ജനുവരിയിൽ മൊസാംബിക്കിൽ നിന്നും എത്ര മെട്രിക് ടൺ തോട്ടണ്ടി വാങ്ങി; ഇത് വിറ്റ വകയിൽ എന്ത് ലാഭം ലഭിച്ചു; | (ഡി) | 2019 ജനുവരിയിലെ ഓർഡർ പ്രകാരം മൊസാംബിക്കിൽ നിന്ന് 3048 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തു. പ്രസ്തുത തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും സപ്ലൈ ചെയ്ത വകയിൽ ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ജനുവരിയിൽ വാങ്ങിയ തോട്ടണ്ടിയുടെ ഔട്ട് ടേൺ എത്രയായിരുന്നു; ഗുണമേന്മ കുറഞ്ഞ തോട്ടണ്ടി വാങ്ങിയതുകാരണം ഔട്ട് ടേൺ കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഗുണമേന്മ ഇല്ലാത്ത തോട്ടണ്ടി വാങ്ങിയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഇ) | 2019 ജനുവരിയിൽ വാങ്ങിയ തോട്ടണ്ടിയുടെ ശരാശരി ഔട്ട്ടേൺ 45.334 ആയിരുന്നു. ആവശ്യപ്പെട്ട ഔട്ട്ടേണായ 46 ൽ നിന്ന് ഗണ്യമായ കുറവ് ഉണ്ടായിട്ടില്ല. അതിനാൽ ഗുണമേന്മ ഇല്ലാത്ത തോട്ടണ്ടിയാണ് വാങ്ങിയത് എന്ന് കണക്കാക്കാനാവില്ല. മാത്രമല്ല ഔട്ട് ടേണിൽ ഉണ്ടായ നാമമാത്രമായ കുറവിന് ആനുപാതികമായി ഫൈനൽ ബില്ലിൽ കുറവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ